15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3115 13-07-2022 - ൽ മറുപടിയ്ക്ക്

കൊച്ചിയുടെ ടൂറിസം വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **കൊച്ചിയിൽ വിനോദസഞ്ചാര മേഖലയുടെ പരമാവധി വികസനം ലക്ഷ്യമിട്ടുകൊണ്ട് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് അനുസൃതമായി ടൂറിസം മറ്റു വകുപ്പുകളുടെ സഹകരണത്തോടെ വെണ്ടുരുത്തി പാലത്തെ വിനോദ സഞ്ചാര ഹബ്ബായി മാറ്റുകയെന്ന ആശയത്തിന് 10.06.2022ൽ ബഹു. പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിന്റെ തുടർനടപടികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. കൂടാതെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'ഡെസ്റ്റിനേഷൻ ചാലഞ്ചി'ന്റെ പോർട്ടലിൽ അപ് ലോഡ് ചെയ്ത പദ്ധതി നിർദേശങ്ങളും പരിശോധനയിലാണ്.** |
| (ബി) | മെഡിക്കൽ ടൂറിസം വികസനത്തിനായി കൊച്ചിയിൽ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (ബി) | **കൊച്ചിയിൽ മെഡിക്കൽ ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.** |
| (സി) | കൊച്ചിയിലും പരിസരമേഖലയിലും മുടങ്ങി കിടക്കുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പൂർത്തീകരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ? | (സി) | **കൊച്ചി വിനോദ സഞ്ചാര മേഖലയിൽ മുടങ്ങി കിടക്കുന്ന പദ്ധതികളും അവയിൽ സ്വീകരിച്ച തുടർനടപടികളും ഇപ്രകാരമാണ്:**<br><br>***1. ഫോർട്ട് കൊച്ചിയിലെ ലോകോത്തര നിലവാരത്തിലുള്ള ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം:***<br><br>**21.08.2019ലെ സ. ഉ. (സാധാ.) 263/2019/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. നിലവിൽ ടി പദ്ധതിയ്ക്കായി കണ്ടെത്തിയ കൊച്ചി കോർപറേഷന്റെ പക്കലുള്ളതും ഫോക്ക്** |

| | | | | |
|---|---|---|---|---|
| | | | | **ലോർ തീയറ്റർ സ്ഥിതി ചെയ്യുന്നതുമായ സ്ഥലത്തിന്റെ ഉപയോഗാനുമതിക്കായി കോർപറേഷനെ സമീപിച്ചെങ്കിലും ഇതുവരെ അനുകൂല മറുപടി ലഭിച്ചിട്ടില്ല.**<br><br>***2. ഫോർട്ട് കൊച്ചിയിലെ ചീന വലകളുടെ നവീകരണം:***<br><br>**03.06.2014ലെ സ. ഉ. (സാധാ.) 4345/2014/ ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1.50 കോടി രൂപയും 12.06.2019ലെ സ. ഉ. (സാധാ.) 198/2019/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 94 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 2.44 കോടി രൂപയുടെ പരിഷ്കരിച്ച ഭരണാനുമതിയാണു പദ്ധതിക്ക് നൽകിയിട്ടുള്ളത്. എന്നാൽ ചീന വല നവീകരണത്തിനായി തേക്ക് മരങ്ങൾ മുറിക്കാൻ കഴിയാത്തതിനാൽ ഇതുവരെ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. 28.06.2022ൽ എറണാകുളം ജില്ലാ കലക്ടർ വിളിച്ച അവലോകന യോഗത്തെ തുടർന്ന് വനം വകുപ്പിൽ നിന്നു തേക്ക് മരങ്ങൾ മുറിക്കാനുള്ള അനുമതി ഉടൻ ലഭിക്കുമെന്നും 2022 ഡിസംബറിനകം പദ്ധതി പൂർത്തിയാക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു.**<br><br>***3. മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക് അറ്റ് മട്ടാഞ്ചേരി:***<br><br>**05.08.2013ലെ സ. ഉ. (സാധാ.) 6556/2013/ ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതിയുടെ 60 ശതമാനത്തോളം ജോലികൾ പൂർത്തിയായിരുന്നു. പദ്ധതിക്കുള്ള പരിഷ്കരിച്ച ഭരണാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.**<br><br>***4. ക്രൂസ് ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെയും പെർഫോമിങ് ആർട്സ് തീയറ്ററി( കൂത്തമ്പലം) ന്റെ നിർമാണം:***<br><br>**ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും കേരള കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷനും മുഖേന നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിക്ക് 16.09.2019ലെ സ. ഉ. (സാധാ.) 315/2019/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4,84,78,735/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. നിർവഹണ ഏജൻസിയിൽ നിന്നു ഫീസിബിലിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ